# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 348 | 28.11.2018 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണത്തിനായുള്ള പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. കെ. മുരളീധരൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) വനിതാ ശിശു വികസന വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) ലൈംഗിക പീഡനം, ലൈംഗീകാതിക്രമം, ലൈംഗീക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗീക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ മുഖേന വനിതാ ശിശു വികസന വകുപ്പ് ലക്ഷ്യമിടുന്നത്.<br>1) **വിമൺ ആന്റ് ചിൽഡ്രൻ ഹോം**<br>വനിത ശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം - 3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോന്ന് വീതവും സന്നദ്ധസംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഹോം ഇല്ലാത്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ |

| | |
|---|---|
| | കേരള മഹിള സമഖ്യ സൊസൈറ്റി എന്ന സന്നദ്ധ സംഘടനയുടെ മേൽനോട്ടത്തിൽ ഹോം ആരംഭിക്കാനുള്ള ത്വരിത നടപടികൾ സ്വീകരിച്ച് വരുന്നു. വിമൺ ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഹോമുകളിലൂടെ നൽകിവരുന്നു.<br>2) **വൺ സ്റ്റോപ്പ് സെന്റർ (OSC)**<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും, അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് "സഖി" വൺ സ്റ്റോപ്പ് സെന്റർ. കേന്ദ്രസർക്കാരിന്റെ 100% ധനസഹായത്തോടെ വനിത ശിശു വികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നു. 2018-19 സാമ്പത്തിക വർഷം ബാക്കി 9 ജില്ലകളിൽ കൂടി OSC അനുവദിച്ചിട്ടുണ്ട്. അവ ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| (ബി) സ്ത്രീ ശാക്തീകരണത്തിനായി നിയമബോധം വരുത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ; | (ബി) ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി, കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവരുടെ സഹകരണത്തോടെ വിമൺ ആന്റ് ചിൽഡ്രൻ ഹോമുകളിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വൺസ്റ്റോപ്പ് സെന്റർ മുഖേനയും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. |
| (സി) നിർഭയ പദ്ധതി ശാസ്ത്രീയമാക്കുന്നതിനും ഷെൽട്ടർ ഹോമുകളിൽ താമസിക്കുന്നവരുടെ വിവരം ശേഖരിച്ച് അവരുടെ വ്യക്തിത്വ വികസനം ഉറപ്പാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>1. **SOS മോഡൽ ഷെൽട്ടർ ഹോം**<br>12 വയസ്സിനു താഴെയുള്ള ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16.11.18 ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ SOS ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ കുട്ടികൾക്കായി കോഴിക്കോട് ഹോം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. **തേജോമയ ഹോം ഫോർ അക്കാദമിക്കലി ബ്രൈറ്റ് ചിൽഡ്രൻ ആഫ്റ്റർ കെയർഹോം**<br>നിലവിൽ വിമൺ ആന്റ് ചിൽഡ്രൻ ഹോമിൽ താമസിക്കുന്ന പഠനത്തിൽ സമർത്ഥരായ കുട്ടികൾക്ക് പ്രത്യേക പരിഗണന ആവശ്യമായതിനാൽ ഈ കുട്ടികൾക്കുവേണ്ടി എറണാകുളം ജില്ലയിൽ ഹോം ആരംഭിക്കുന്നതിനു വേണ്ടിയുള്ള അടിന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| | 3. **തേജോമയ ഹോം ആഫ്റ്റർ കെയർ ഹോം**<br>നിലവിൽ വിമൺ ആന്റ് ചിൽഡ്രൻ ഹോമിൽ താമസിച്ചുവരുന്നവരിൽ ജോലി ലഭിച്ചവർക്കും ജോലി ലഭിക്കാൻ സാധ്യതയുള്ളവർക്കും വേണ്ടിയുള്ള ഹോം ഉടൻ ആരംഭിക്കുന്നതാണ്.<br>4. **ഇന്റഗ്രേറ്റഡ് കെയർ സെന്റർ (ICC)**<br>വിമൺ ആന്റ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി കഴിഞ്ഞവർക്കും പ്രത്യേക പരിഗണനയും സുരക്ഷയും നൽകുന്നതിന് ഹോം ആരംഭിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു.<br>5. **ഹോം ഫോർ മെന്റൽ ഹെൽത്ത്**<br>വിമൺ ആന്റ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ മാനസിക വെല്ലുവിളി നേരിടുന്നവരും കടുത്ത മാനസിക ആഘാതം ഉള്ളവർക്കും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കുവേണ്ടിയുള്ള ഹോം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ഇത് സംബന്ധിച്ച പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) നിർഭയ പദ്ധതി കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി ഷെൽട്ടർ ഹോം താമസക്കാരുടെ മാനസികവും വികസനപരവുമായ വിവരം ശേഖരിച്ച് പഠനം നടത്തി അവരുടെ വ്യക്തിഗതവികസനം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി സൈക്കോളജി ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ